# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 11-03-2015

## ചോദ്യപേപ്പറിലെ ലീഗുവൽക്കരണം : സമഗ്ര അന്വേഷണം വേണം

**- കെ എസ് ടി എ**

വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന രാഷ്ട്രീയ പാർട്ടിയുടെ കൊടിയടയാളം എസ്.എസ്.എൽ.സി ചോദ്യപേപ്പറിൽ കടന്നുവന്നതിനെക്കുറിച്ച് സമഗ്രമയ അന്വേഷണം നടത്തണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

വിദ്യാഭ്യാസ മേഖലയിലെ കൊടിയ അഴിമതിയും സ്വജനപക്ഷപാതവും ലീഗുവൽക്കരണവും ഇതിനകം വ്യാപകമായ വിമർശനങ്ങൾ ക്ഷണിച്ചുവരുത്തിയിട്ട്. പച്ചസാരി, പച്ചക്കോട്ട്, പച്ചബോർഡ് എന്നിങ്ങനെ ലീഗുവൽക്കരണം നടത്തിയതിന്റെ ഉദാഹരണങ്ങൾ ഏറെയാണ്. കേന്ദ്ര ഗവൺമെന്റാകട്ടെ നാഗപ്പൂരിലെ ആർ.എസ്.എസ് ആസ്ഥാനത്ത് തീരുമാനിക്കുന്ന വർഗ്ഗീയവൽക്കരണ അജയാണ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്നത്. അത്യന്തം ആപൽക്കരമായ സ്ഥിതിവിശേഷണമമാണ് ഇന്ത്യയിൽ രൂപപ്പെടുന്നത്. കേരളത്തിലെ ന്യൂനപക്ഷ വർഗ്ഗീയതയും ഈ സ്ഥിതിവിശേഷണത്തിന് ആക്കം കൂട്ടുന്നു. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന രാഷ്ട്രീയ പാർട്ടിയുടെ കൊടിയടയാളം എസ്.എസ്.എൽ.സി ചോദ്യപേപ്പറിൽ കടന്നുവന്നത് ആസൂത്രിതമായ നീക്കത്തിന്റെ ഭാഗമാണെന്നതിൽ സംശയമില്ല. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുള്ളവർ ആരായാലും അവരെ അന്വേഷണം നടത്തി കുപിടിക്കണം. നമ്മുടെ നാടിന്റെ മതേതരത്വം മതനിരപേക്ഷ വിദ്യാഭ്യാസം സംരക്ഷിക്കാൻ മുഴുവൻ ആളുകളും മുന്നോട്ടുവരണമെന്ന് ജനറൽ സെക്രട്ടറി കെ.സി.ഹരികൃഷ്ണൻ പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി